**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6257** **10-11-2021 - ൽ മറുപടിയ്ക്ക്**

**പാലക്കാട് - കോഴിക്കോട് പുതിയ ഹൈവേ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കുറുക്കോളി മൊയ്തീൻ | | **Shri P. A. Mohamed Riyas**<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ഭാരത് മാല പദ്ധതിയുടെ ഭാഗമായി ഗ്രീൻ ഫീൽഡ് പദ്ധതിയിൽ ഉൾപ്പെടുത്തി പാലക്കാട് - കോഴിക്കോട് പുതിയ ഹൈവേയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നിലവിൽ ഏത് ഘട്ടത്തിലാണ്; വിശദവിവരം ലഭ്യമാക്കുമോ; | (എ) | പാലക്കാട് - കോഴിക്കോട് ഗ്രീൻഫീൽഡ് അലൈൻമെന്റിന് 23.10.2020 നടന്ന LAC Committee (NHAI) യോഗത്തിൽ അനുമതി നൽകിയിട്ടുണ്ട്. NH ACT 1956 പ്രകാരമുള്ള ഡ്രാഫ്റ്റ് 3A നോട്ടിഫിക്കേഷൻ ഡി പി ആർ കൺസൽട്ടന്റ് തയ്യാറാക്കി വരുന്നു. |
| (ബി) | പ്രസ്തുത പദ്ധതിക്കായി എത്ര തുകയാണ് അനുവദിച്ചതെന്നും അതിൽ കേന്ദ്ര - സംസ്ഥാന സർക്കാരുകളുടെ വിഹിതം എത്രയാണെന്നും വ്യക്തമാക്കുമോ; | (ബി) | ഭൂമി ഏറ്റെടുക്കൽ, നിർമ്മാണത്തിനു മുന്നോടിയായുള്ള പ്രവർത്തനങ്ങൾ, നിർമ്മാണ പ്രവൃത്തി എന്നിവയടക്കം പദ്ധതിയുടെ ഏകദേശ ചെലവ് 7961.27 കോടി രൂപയാണ്. കേരള സർക്കാർ, ദേശീയപാത അതോറിറ്റി, കിഫ്ബി എന്നിവരുൾപ്പെട്ട ത്രികക്ഷി കരാർ പ്രകാരം ഭൂമി ഏറ്റെടുക്കലിനാവശ്യമായ തുകയുടെ 25% സംസ്ഥാനമാണ് വഹിക്കുന്നത്. സംസ്ഥാന വിഹിതം ഏകദേശം 190.59 കോടി രൂപയാണ്. |
| (സി) | റസിഡൻഷ്യൽ, കൊമേഴ്സ്യൽ ഏരിയകൾ ഒഴിവാക്കി അലൈൻമെന്റ് തയ്യാറാക്കുന്ന കാര്യം പരിശോധിക്കുമോ; വ്യക്തമാക്കാമോ; | (സി) | നിലവിലെ അലൈൻമെന്റ് വിശദമായ പഠനത്തിനു ശേഷം അനുയോജ്യമെന്ന് കണ്ടെത്തി അംഗീകരിച്ചതാണ്. അലൈൻമെന്റ് തയ്യാറാക്കുന്ന ഘട്ടത്തിൽ അത് വരുത്തുന്ന സാമ്പത്തിക ബാധ്യത (Financial Implications) സാമൂഹിക പ്രത്യാഘാതങ്ങൾ (Social Impact) എന്നീ വസ്തുതകൾ ഡി പി ആർ കൺസൽട്ടന്റ് പരിഗണിച്ചിരുന്നു. |
| (ഡി) | പ്രസ്തുത പദ്ധതി എപ്പോൾ ആരംഭിച്ച് എന്ന് പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നതെന്ന് അറിയിക്കുമോ? | (ഡി) | ഭൂമി ഏറ്റെടുക്കൽ പൂർത്തിയായാൽ പദ്ധതി ആഗസ്റ്റ് 2022 ന് ആരംഭിച്ച് 2-3 വർഷത്തിനുള്ളിൽ പൂർത്തിയാക്കാനാണ് ദേശീയപാത അതോറിറ്റി ലക്ഷ്യമിടുന്നന്നത്. |

സെക്ഷൻ ഓഫീസർ